## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2199      07/07/2015-ൽ മറുപടിക്ക്

### ആദിവാസികൾക്കുള്ള ഭൂമി വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ :<br>,, വി.എസ്.സുനിൽ കുമാർ :<br>ശ്രീമതി.ഗീതാ ഗോപി :<br>ശ്രീ.ചിറ്റയം ഗോപകുമാർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വിതരണം ചെയ്യുന്നുണ്ടോ ; | (എ) | എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ ഭൂമി നൽകുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിന് വിവിധ പദ്ധതികളിലൂടെ ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിക്കുവേണ്ടി എത്ര ആദിവാസികളിൽ നിന്ന് അപേക്ഷ ലഭിച്ചു ; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കി; എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 3135 അപേക്ഷകൾ ലഭിക്കുകയും 563 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തു. ഇതിൽ 441 പേർക്ക് ഭൂമി വാങ്ങി നൽകി. ഇനിയും 2572 അപേക്ഷകൾ കൂടി തീർപ്പാക്കാനുണ്ട്. |
| (സി) | തീർപ്പാക്കിയ അപേക്ഷകൾ പ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | 563 അപേക്ഷകൾ തീർപ്പാക്കി അർഹരായ 441 പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 122 അപേക്ഷ മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്തതിനാൽ അപേക്ഷ നിരസിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ